13154
15/6/17

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സ്വകാര്യ എയ്ഡഡ് കോളേജുകൾ - അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ -ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയെ പുതിയ ഗ്രൂപ്പിലേയ്ക്ക് മാറ്റിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉന്നത വിദ്യാഭ്യാസ ( ഡി) വകുപ്പ്**

സ.ഉ (കൈ)നം.144/2017/ഉ.വി.വ തീയതി, തിരുവനന്തപുരം 11.06.2017

---

പരാമർശം :- സ.ഉ(കൈ)60/2016/ഉ.വി.വ. തീയതി 29-2-2016.

**ഉത്തരവ്**

സംസ്ഥാനത്തെ സ്വകാര്യ എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ പരാമർശത്തിലെ ഉത്തരവ് പ്രകാരം പരിഷ്കരിച്ചിരുന്നു. പ്രസ്തുത ഉത്തരവിന്റെ 3 (xvii) ാം ഖണ്ഡികയിൽ സ്വകാര്യ എയ്ഡഡ് കോളേജുകളിൽ നിലവിലുള്ള തസ്തികകളെ വിവിധ ഗ്രൂപ്പുകളിലാക്കി തരംതിരിച്ചിരുന്നു. ഇതിൽ ഗ്രൂപ്പ് 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയുടെ ജോലി സ്വഭാവവും ശമ്പളവും ടി ഗ്രൂപ്പിലെ മറ്റ് തസ്തികകളിൽ നിന്നും വ്യത്യസ്തമാണെന്നും ആയതിനാൽ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയെ ഗ്രൂപ്പ് 1-ൽ നിന്നും മാറ്റി പുതിയ ഗ്രൂപ്പിലാക്കണമെന്ന് വിവിധ സംഘടനകൾ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. കൂടാതെ 30-11-2016 ന് ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി വിളിച്ചു ചേർത്തിരുന്ന എയ്ഡഡ് കോളേജിലെ അനദ്ധ്യാപക ജീവനക്കാരുടെ യോഗത്തിലും ഈ ആവശ്യം ഉന്നയിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയുടെ വിദ്യാഭ്യാസ യോഗ്യതയും ശമ്പള സ്കെയിലും പരാമർശത്തിലെ ഉത്തരവിന്റെ 3(xvii) ാം ഖണ്ഡികയിലെ ഗ്രൂപ്പ് 1 ൽ ഉൾപ്പെടുത്തിയിട്ടുള്ള മറ്റ് തസ്തികകളിൽ നിന്നും വ്യത്യസ്തമായതിനാൽ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയെ പരാമർശത്തിലെ ഉത്തരവിന്റെ 3(xvii) ഖണ്ഡികയിലെ ഗ്രൂപ്പ് 1 ൽ നിന്ന് മാറ്റി ഗ്രൂപ്പ് 8 എന്ന പുതിയ ഗ്രൂപ്പിൽ ഉൾപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു. പരാമർശത്തിലെ ഉത്തരവിലെ മറ്റ് വ്യവസ്ഥകൾ മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മേരി ലാലി സി .വൈ**

അണ്ടർ സെക്രട്ടറി

1) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2) കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം/കോട്ടയം/എറണാകുളം/തൃശൂർ/കോഴിക്കോട്
3) രജിസ്ട്രാർ, കേരള/മഹാത്മാഗാന്ധി/കാലിക്കറ്റ്/കണ്ണൂർ യൂണിവേഴ്സിറ്റി
4) അക്കൗണ്ടന്റ് ജനറൽ (A&E), കേരള, തിരുവനന്തപുരം
5) ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
6) ധനകാര്യ വകുപ്പ് (27/4/2017 ലെ 93221/Edn-C2/168/15/ധന നമ്പർ U.O.(I) പ്രകാരം)
7) ഐ & പി ആർ ഡി ( വെബ് & ന്യൂ മീഡിയ)
8) കരുതൽ കോപ്പി / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Liju

സെക്ഷൻ ഓഫീസർ